**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 270** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>നിയമപരമായ ചുമതലകൾ നിർവ്വഹിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. സുധാകരൻ

ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** നിയമ പ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കാതെ നഗര-ഗ്രാമ ജനങ്ങളുടെ ജീവിതം ദുരിതമയമാക്കുന്ന വകുപ്പുദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അന്വേഷിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** ഉണ്ട്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, നഗരപാലിക നിയമം എന്നിവയും അനുബന്ധ നിയമങ്ങളും പ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കാതെ നഗര ഗ്രാമ ജനങ്ങളുടെ ജീവിതം ദുരിതമായമാക്കുന്ന വകുപ്പുദ്യോഗസ്ഥർക്കെതിരെ പൊതുജനങ്ങളിൽ നിന്നും ലഭ്യമാകുന്ന പരാതികൾ, വിജിലൻസ് റിപ്പോർട്ട്, തദ്ദേശ സ്വയംഭരണ വകുപ്പ് ഇന്റേണൽ വിജിലൻസ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ട് സർക്കാരിൽ നിന്നുള്ള നിർദ്ദേശം, തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി, പ്രിൻസിപ്പൽ ഡയറക്ടർ തലത്തിലും സർക്കാർ തലത്തിലും 1960-ലെ കേരള സിവിൽ സർവീസസ് (തരം തിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾ പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**